# പതിനാലാം കേരള നിയമസഭ

## 22-ാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 477

## 13-01-2021 ലെ മറുപടിയ്ക്ക്

### പങ്കാളിത്ത പെൻഷൻ പദ്ധതി

ചോദ്യം :
ശ്രീ.എം.വിൻസെന്റ്
എം.എൽ.എ

ഉത്തരം :
ഡോ.തോമസ് ഐസക്ക്
(ബഹു.ധനകാര്യ വകുപ്പ്മന്ത്രി)

| | | |
|---|---|---|
| എ | സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കായി നടപ്പിലാക്കിയ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി സമിതിയെ നിയോഗിച്ചിരുന്നോ; എങ്കിൽ എന്നാണ് പ്രസ്തുത സമിതിയെ നിയോഗിച്ചത്; | സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കായി നടപ്പിലാക്കിയ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി ശ്രീ. എസ്. സതീഷ്ചന്ദ്രബാബു, ജില്ലാ ജഡ്ജി (റിട്ട.) ചെയർമാനും ശ്രീ. പി. മാരപാണ്ഡ്യൻ ഐ.എ.എസ് (റിട്ട). പ്രൊഫ. ഡി. നാരായണ. ഡയറക്ടർ, ജി.ഐ.എഫ്.റ്റി എന്നിവർ അംഗങ്ങളുമായി 07.11.2018 - ലെ സ.ഉ(അ) നം. 172/2018/ധന. ഉത്തരവ് പ്രകാരം സർക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധന സമിതിയെ നിയമിച്ചിട്ടുണ്ട്. |
| ബി | പ്രസ്തുത സമിതി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധന സമിതിയുടെ പ്രവർത്തനങ്ങൾക്കായി ഇതിനകം എത്ര രൂപ ചെലവഴിച്ചു; | സർക്കാരിന്റെ 21.10.2020 ലെ സ.ഉ (സാധാ) നം. 6065/2020/ധന ഉത്തരവ് പ്രകാരം സമിതിയുടെ പ്രവർത്തന കാലാവധി 01.11.2020 മുതൽ 30.04.2021 വരെ പരമാവധി ആറുമാസത്തേയ്ക്ക് കൂടിയോ, അല്ലെങ്കിൽ സമിതിയെ ചുമതപ്പെടുത്തിയിരിക്കുന്ന ജോലികൾ പൂർത്തിയാകുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ ദീർഘിപ്പിച്ചു നൽകിയിരിക്കുന്നതിനാൽ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധന സമിതി അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. സമിതിയുടെ പ്രവർത്തനങ്ങൾക്കായി 2019-2020 സാമ്പത്തിക വർഷത്തിൽ 21,61,808/- (ഇരുപത്തൊന്ന് ലക്ഷത്തി അറുപത്തോരായിരത്തി എണ്ണൂറ്റി എട്ട്) രൂപയും 2020 – 2021 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 34,27,921/- (മുപ്പത്തി നാല് ലക്ഷത്തി ഇരുപ്പത്തേഴായിരത്തി തൊള്ളായിരത്തി ഇരുപ്പത്തി ഒന്ന്) രൂപയും ചേർത്ത് ആകെ 55,89,729/- (അൻപത്തി അഞ്ച് ലക്ഷത്തി എൺപത്തൊൻപതിനായിരത്തി എഴുന്നൂറ്റി ഇരുപത്തൊൻപത് ) രൂപ ചെലവഴിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| സി | ഈ സർക്കാർ നിലവിൽ വന്നശേഷം ഏതെങ്കിലും മേഖലയിൽ പുതുതായി പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ചുവടെ ചേർക്കുന്ന അഞ്ച് സ്ഥാപനങ്ങളിൽ കൂടി പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br>1. കേരള കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡ്<br>2. കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ<br>3. കണ്ണൂർ യൂണിവേഴ്സിറ്റി<br>4. ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റി<br>5. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് |
| ഡി | സംസ്ഥാന സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ നിന്നും പിന്നോട്ട് പോകുന്നത് സർക്കാരിനെ കൂടുതൽ പ്രതിസന്ധിയിലാക്കുമെന്ന് വിലയിരുത്തുന്നുണ്ടോ? | പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച സാമ്പത്തിക, നിയമ വശങ്ങൾ ഉൾപ്പെടെ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് സർക്കാർ പങ്കാളിത്ത പെൻഷൻ പുനഃപരിശോധന സമിതിയെ നിയമിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്- പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിനായി സമിതിയെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-എ) വകുപ്പ്**

സ.ഉ (പി) നം.172/2018/ധന. തിരുവനന്തപുരം, തീയതി, 07.11.2018

---

പരാമർശം:- സ.ഉ (പി) നം. 20/2013/ധന. തീയതി, 07.01.2013

**ഉത്തരവ്**

പരാമർശ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിനായി ചുവടെ ചേർക്കുന്ന അംഗങ്ങളെ ഉൾക്കൊള്ളിച്ച് ഒരു സമിതി രൂപീകരിച്ചു കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) ശ്രീ.എസ്.സതീഷ് ചന്ദ്രബാബു, ജില്ലാ ജഡ്ജി (റിട്ട.) (ചെയർമാൻ)
2) ശ്രീ.പി.മാരപാണ്ഡ്യൻ.ഐ.എ.എസ്(റിട്ട.)
3) പ്രൊഫ.ഡി.നാരായണ, ഡയറക്ടർ, ജി.ഐ.എഫ്.റ്റി

കമ്മിറ്റിയുടെ പരിഗണനാ വിഷയങ്ങൾ അനുബന്ധമായി ചേർക്കുന്നു. കമ്മിറ്റി 6 മാസത്തിനകം വിശദമായ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**കെ.രാജശ്രീ**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. ശ്രീ. എസ്.സതീഷ് ചന്ദ്രബാബു, ജില്ലാ ജഡ്ജി (റിട്ട.)
2. ശ്രീ. പി.മാരപാണ്ഡ്യൻ.ഐ.എ.എസ്(റിട്ട.)
3. പ്രൊഫ.ഡി.നാരായണ, ഡയറക്ടർ, ജി.ഐ.എഫ്.റ്റി
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.
6. അക്കൗണ്ടന്റ് ജനറൽ ( ഇ& ആർ.എസ്.എ) കേരള, തിരുവനന്തപുരം.

7. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
8. ഡയറക്ടർ, ഇൻഫോർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം
9. ധനകാര്യ (എൻ.പി.എസ്) വകുപ്പ്
10. മുഴുവൻ ജില്ലാ / സബ് ട്രഷറി ഓഫീസർമാർക്കും.
11. എല്ലാ വകുപ്പ് മേധാവികൾക്കും.
12. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
13. മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി, തിരുവനന്തപുരം.
14. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
15. രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം.
16. രജിസ്ട്രാർ, വിവിധ സർവ്വകലാശാലകൾ, (കേരള/കൊച്ചി/കോഴിക്കോട്/എം.ജി/കണ്ണൂർ)
17. രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
18. രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര
19. രജിസ്ട്രാർ, കേരള വെറ്ററിനറി & അനിമൽ സയൻസ് യൂണിവേഴ്സിറ്റി, വയനാട്
20. രജിസ്ട്രാർ, ശ്രീ ശങ്കര സംസ്കൃത സർവ്വകലാശാല, കാലടി
21. രജിസ്ട്രാർ, കേരള സംസ്ഥാന ആരോഗ്യ സർവ്വകലാശാല, തൃശ്ശൂർ
22. രജിസ്ട്രാർ, ഫിഷറീസ് സർവ്വകലാശാല, എറണാകുളം
23. സെക്രട്ടറി,തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാൻ, തിരുവനന്തപുരം.
24. അഡ്വക്കേറ്റ് ജനറൽ, എറണാകുളം
25. സെക്രട്ടറി, കെ.എസ്.ഇ.ബി- ലിമിറ്റഡ്, തിരുവനന്തപുരം
26. ചീഫ് സെക്രട്ടറി, കേരള സർക്കാർ
27. ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം
28. സ്പീക്കറുടെ/ ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി, കേരള നിയമസഭ
29. സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം
30. സെക്രട്ടറി, കേരള സംസ്ഥാന വനിതാ കമ്മീഷൻ, തിരുവനന്തപുരം
31. മുഖ്യമന്ത്രിയുടെ/ മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
32. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
33. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
34. മുഖ്യ വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
35. നോഡൽ ഓഫീസർ, www.finance.kerala.gov.in
36. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ

## കമ്മിറ്റിയുടെ പരിഗണനാ വിഷയങ്ങൾ

1. പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പ്പരിശോധിക്കുന്നതിലെ നിയമപരവും സാമ്പത്തികവുമായ പ്രത്യാഘാതങ്ങൾ വിശദമായി പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കുക, നിർദ്ദേശങ്ങൾ സമർപ്പിക്കുക.

2. പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നത് കേന്ദ്ര ധനക്കമ്മീഷൻ നിബന്ധനകളേയും ധനദൃഢീകരണത്തിനുള്ള പരിപ്രേക്ഷ്യത്തെയും എങ്ങനെ ബാധിക്കും?

3. NPS ട്രസ്റ്റ്, NSDL എന്നിവരുമായി ഏർപ്പെട്ടിട്ടുള്ള കരാറുകൾ സൃഷ്ടിക്കുന്ന ബാദ്ധ്യതകൾ. ഉത്തരവാദിത്തങ്ങൾ എന്നിവ വിശദമായി പരിശോധിച്ച് സാധ്യതകൾ നിർദ്ദേശിക്കുക.

4. പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ പങ്കാളികളായ ജീവനക്കാർക്ക് ആയതു പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ ഏർപ്പെടുത്താൻ തീരുമാനിച്ചാൽ:

a) ജീവനക്കാർ നാളിതുവരെ ഒടുക്കിയ വിഹിതം ഏതു വിധത്തിലാകും കൈകാര്യം ചെയ്യപ്പെടുക?

b) സർക്കാർ നാളിതുവരെ ഒടുക്കിയ വിഹിതം തിരികെ ലഭ്യമാകുമോ? ഈ കാര്യങ്ങൾ പരിശോധിച്ച് ശുപാർശ സമർപ്പിക്കുക.

5. പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ ഏർപ്പെടുത്താൻ തീരുമാനിച്ചാൽ പദ്ധതിയിൽ ചേർന്ന് വിരമിച്ച ജീവനക്കാരുടെ ആനുകൂല്യങ്ങൾ സംബന്ധിച്ച കാര്യത്തിലെ നിയമവ്യവസ്ഥ എന്തായിരിക്കും? ഇവരും സർക്കാരും അടച്ച വിഹിതങ്ങളുടെ സ്ഥിതി എന്തായിരിക്കും?

6. പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയ മറ്റു സംസ്ഥാനങ്ങളുടെ അനുഭവവും ഇപ്പോഴത്തെ സ്ഥിതിയും പരിശോധിക്കുക.

7. പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ കേരളത്തിലെ പ്രത്യേകതകൾ എന്തെല്ലാമാണ്? പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടാകുന്ന പക്ഷം ആയത് കൂടുതൽ ആകർഷകമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാം?

8. പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധനയുമായി ബന്ധപ്പെട്ട് പ്രസക്തം എന്ന് കമ്മിറ്റി കരുതുന്ന മറ്റ് കാര്യങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുക.

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്- പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധനാ സമിതിയുടെ പ്രവർത്തന കാലാവധി ദീർഘിപ്പിച്ച് നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (പെൻഷൻ-എ) വകുപ്പ്**

**സ.ഉ (സാധാ)നം.6065/2020/ധന. തിരുവനന്തപുരം, തീയതി, 21/10/2020**

പരാമർശം:- 1) സ.ഉ (അ) നം. 172/2018/ധന. തീയതി, 07.11.2018

2) സ.ഉ (അ) നം. 56/2019/ധന. തീയതി, 06.05.2019

3) സ.ഉ (അ) നം. 147/2019/ധന. തീയതി, 01.11.2019

4) സ.ഉ (സാധാ) നം.2790/2020/ധന. തീയതി, 16.04.2020

5) പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധനാ സമിതി സെക്രട്ടറിയുടെ 16.10.2020-ലെ നം.7357/CPRC2/2020/Fin നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്ത് നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുന: പരിശോധിക്കുന്നതിനായി ശ്രീ.എസ്.സതീഷ് ചന്ദ്രബാബു (ജില്ലാ ജഡ്ജി,റിട്ട.) ചെയർമാനും ശ്രീ.പി.മാരപാണ്ഡ്യൻ.ഐ.എ.എസ് (റിട്ട.), പ്രൊഫ.ഡി.നാരായണ (ഡയറക്ടർ, ജി.ഐ.എഫ്.റ്റി) എന്നിവർ അംഗങ്ങളുമായി 6 മാസക്കാലയളവിലേയ്ക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധനാ സമിതി രൂപീകരിച്ചു കൊണ്ട് സർക്കാർ പരാമർശം (1) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും സമിതിയുടെ പ്രവർത്തനകാലാവധി 6 മാസം വീതം ദീർഘിപ്പിച്ചു നല്കിക്കൊണ്ട് സൂചന (2), (3), (4) ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. സൂചന (4) ഉത്തരവ് പ്രകാരം 31.10.2020 വരെയാണ് സമിതിയ്ക്ക് പ്രവർത്തനാനുമതി നല്കിയിട്ടുള്ളത്. എന്നാൽ നിലവിൽ കാലാവധി അവസാനിക്കുന്ന 2020-ഒക്ടോബർ 31 ന് മുൻപായി സമിതിയെ ചുമതലപ്പെടുത്തിയിരിക്കുന്ന ജോലികൾ പൂർത്തിയാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ 6 മാസത്തേയ്ക്ക് കൂടിയോ അല്ലെങ്കിൽ സമിതിയെ ചുമതലപ്പെടുത്തിയിരിക്കുന്ന ജോലികൾ പൂർത്തിയാകുന്നത് വരെയോ ഏതാണോ ആദ്യം അത് വരെ പ്രവർത്തന കാലാവധി ദീർഘിപ്പിച്ചു നല്കണമെന്നാവശ്യപ്പെട്ടു കൊണ്ട് സമിതി സെക്രട്ടറി സൂചന (5) പ്രകാരം സർക്കാരിലേയ്ക്ക് കത്ത് നല്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സമിതിയുടെ പ്രവർത്തന കാലാവധി പരമാവധി 01.11.2020 മുതൽ 30.04.2021 വരെ 6 മാസത്തേയ്ക്ക് കൂടിയോ, അല്ലെങ്കിൽ സമിതിയെ ചുമതലപ്പെടുത്തിയിരിക്കുന്ന ജോലികൾ പൂർത്തിയാകുന്നത് വരെയോ ഏതാണോ ആദ്യം അതുവരെ ദീർഘിപ്പിച്ച് നല്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റിങ്കു.എസ്.നെൽസൺ
ജോയിന്റ് സെക്രട്ടറി (ധനകാര്യം)

പകർപ്പ് :

1. ശ്രീ. എസ്.സതീഷ് ചന്ദ്രബാബു, ജില്ലാ ജഡ്ജി (റിട്ട.), ചെയർമാൻ
2. ശ്രീ. പി.മാരപാണ്ഡ്യൻ.ഐ.എ.എസ്(റിട്ട.), മെമ്പർ
3. പ്രൊഫ.ഡി.നാരായണ, ഡയറക്ടർ, മെമ്പർ
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) തിരുവനന്തപുരം.
6. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
7. ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പ്
8. ഡയറക്ടർ, ഇൻഫോർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം
9. നോഡൽ ഓഫീസർ, www.finance.kerala.gov.in
10. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

| Sr No | Date of Registration | SABs Name |
|---|---|---|
| 1 | 9/11/2014 | Directorate of Panchayats, Thiruvananthapuram |
| 2 | 9/16/2014 | Thunchathezhuthachan Malayalam University, Tirur Malappuram |
| 3 | 3/5/2015 | State Institute of Languages, Thiruvananthapuram |
| 4 | 3/5/2015 | Director of Urban Affairs, Thiruvananthapuram |
| 5 | 3/5/2015 | Kerala Agricultural University, Thrissur |
| 6 | 3/18/2015 | Kerala State Electricity Board Limited, Thiruvanananthapuram |
| 7 | 4/15/2015 | Kerala Khadi and Village Industries Board, Thiruvanananthapuram |
| 8 | 4/15/2015 | Insititute of Land and Disaster Management, Thiruvanananthapuram |
| 9 | 4/21/2015 | Vasthuvidya Gurukulam, Aranmula |
| 10 | 4/21/2015 | Kerala Sangeetha Nataka Akademi, Thrissur |
| 11 | 4/22/2015 | Kerala State Sports Council, Thiruvanananthapuram |
| 12 | 4/22/2015 | Kerala University of Health Sciences, Thrissur |
| 13 | 4/22/2015 | University of Kerala, Thiruvanananthapuram |
| 14 | 4/22/2015 | Kerala University of Fisheries & Ocean Studies, Ernakulam |
| 15 | 4/22/2015 | Cochin University of Sciences and Technology, Kochi |
| 16 | 4/22/2015 | Kerala Sahitya Akademi, Thrissur |
| 17 | 4/22/2015 | Kerala State Housing Board, Trivandrum |
| 18 | 4/30/2015 | Kerala Kalamandalam Deemed University for Art & Culture, Thrissur |
| 19 | 4/30/2015 | Kerala Water Authority. Thiruvanananthapuram |
| 20 | 6/10/2015 | Mahatma Gandhi University, Kottayam |
| 21 | 6/17/2015 | Kerala State Road Transport Corporation, Thiruvananthapuram |
| 22 | 6/17/2015 | University of Calicut, Malappuram |
| 23 | 6/17/2015 | Greater Cochin Development Authority, Ernakulam |
| 24 | 6/23/2015 | Kerala Lalithakala Akademi, Thrissur |
| 25 | 6/23/2015 | Sree Sankaracharya University of Sanskrit, Kalady |
| 26 | 6/23/2015 | Kerala Veterinary and Animal Sciences University, Wayanad |
| 27 | 11/30/2015 | State Institute of Encyclopaedic Publications, Thiruvananthapuram |
| 28 | 1/28/2016 | Thiruvananthapuram Development Authority, Trida |
| 29 | 3/3/2016 | Calicut Development Authority |
| 30 | 7/27/2016 | Kerala Toddy Workers Welfare Fund Board, Thiruvanathapuram |
| 31 | 11/4/2016 | Kerala State Library Council, Thiruvanathapuram |
| 32 | 11/24/2016 | Kannur University |
| 33 | 5/24/2017 | Guruvayur Devaswom Managing Committee, Thrissur |
| 34 | 7/26/2017 | Kerala State Pollution Control Board, Thiruvananthapuram |